*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

205th Issue - Volume 5, No.39 **ജാഗ്രത** 7th October 2011

"ദൈവകൃപനിറഞ്ഞവളേ!
സ്വസ്തി, കർത്താവ് നിന്നോടുകൂടെ!. "

(ലൂക്കാ -1: 28)

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS



The Most Holy Rosary

## പ്രധാന വാർത്തകൾ

കുഞ്ഞു വാവയുടെ കത്ത്!

---

മക്കൾ ദൈവകൃപയുടെ ആനുകൂല്യം: മാർജോസഫ്കല്ലറങ്ങാട്ട്

---

വനിതാ കോഡ് ബിൽ നിർദേശങ്ങൾക്കു സ്വേച്ഛാധിപത്യശൈലി: മാർ തോമസ് ചക്യത്ത്

---

കേരള വനിതാ കോഡ് ബിൽ മനുഷ്യാവകാശ ലംഘനം: മാർ ജോസഫ് പെരുന്തോട്ടം

---

മാതാപിതാക്കൾ ജീവന്റെ സംരക്ഷകർ: മാർ ജോസഫ് പവ്വത്തിൽ

---

മനുഷ്യത്വരഹിതമായ നിർദേശങ്ങളുള്ള വനിതാ കോഡ്ബിൽതള്ളണം: മാർ മാത്യുആനിക്കുഴിക്കാട്ടിൽ

---

മുറിയിൽ ജപമാല ചൊല്ലിയതിനു മാലിയിൽ മലയാളി അധ്യാപകനെ അറസ്റ്റ്ചെയ്തു

---

**ജാഗ്രതാ വാർത്ത**

സൂക്ഷിക്കുക, നാം നടന്നടുക്കുന്നത് നാശത്തിലേക്ക്

**ചരിത്ര ജാഗ്രത**

കടവിൽ ചാണ്ടികത്തനാർ

**വാരാന്ത്യവീക്ഷണം**

ജനാധിപത്യവും സർവ്വാധിപത്യവും കുടുംബകാര്യങ്ങളിൽ ഏറ്റുമുട്ടുമ്പോൾ



## കുഞ്ഞു വാവയുടെ കത്ത്!

\- - - - - - - - - - - - - - - - - -

ബഹുമാനപ്പെട്ട ജസ്റ്റിസ് കൃഷ്ണയ്യർ അങ്കിളും കുഞ്ഞുഞ്ഞു അങ്കിളും അറിയാൻ,
ഞാൻ ഭീതിയിലാണ്!

അക്ഷരാഭ്യാസ്സത്തിലും, വിജ്ഞാനത്തിലും മുൻപന്തിയിലുള്ള കേരളത്തിലെ ജനങ്ങളെ ഒന്ന് കൂടെ ഉദ്ധരിക്കുവാൻ വിമൻസ് കോഡ് ബില്ലിൽ പരിഗണിക്കേണ്ട നിർദ്ദേശങ്ങൾ ജസ്റ്റിസ് കൃഷ്ണയ്യർ അങ്കിൾ സമർപ്പിച്ചതു മുതൽ ഞാനും എന്റെ ഒപ്പമുള്ള കുഞ്ഞു അനുജന്മാരും അനുജത്തിമാരും ഭീതിയിലാണ്. കേരളത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് വളരെയധികം സംഭാവന നൽകിയ അങ്ങയുടെ ജ്ഞാനം, ജനസംഖ്യ നിയന്ത്രിക്കാൻ എന്ന പേരിൽ, ഞങ്ങൾക്കെതിരെ "ഡെത്ത് വാറന്റ്" പുറപ്പെടുവിക്കും വരെ എത്തും എന്ന് കരുതിയില്ല ! ഇങ്ങനെ ഒരു നിയമം 1915 നവംബർ 1-ന് മുൻമ്പ് നടപ്പായിരുന്നെങ്കിൽ പോലും, മാതാപിതാക്കളുടെ രണ്ടാമത്തെ പുത്രനായി ജനിച്ച ജസ്റ്റിസ് അങ്കിൾ, ഭീതിയിൽ ആകേണ്ടി വരില്ലായിരുന്നു. അങ്ങേയ്ക്ക് ശേഷം, അങ്ങയുടെ സഹോദരങ്ങളായി ജനിച്ച രംഗനായകി, വിജയലക്ഷ്മി, മീനാക്ഷി, രാമചന്ദ്രന്, ലക്ഷ്മിനാരായണൻ എന്നീ ആന്റിമാരും അങ്കിൾമാരും തീർച്ചയായും . ഈ ഡെത്ത് വാറന്റിൽ ഉൾപെട്ടു പോയേനെ! അതിനെക്കുറിച്ച് ജസ്റ്റിസ് അങ്കിൾ ആലോചിച്ചോ എന്ന് എനിക്കറിയില്ല.

എന്റെ മുഖത്ത് അങ്കിൾ ഒന്ന് നോക്കണം ! നിരായുധന്, നിഷ്കളങ്കന്,

ലോകത്തിന്റെ വർണഭേദങ്ങൾ കാണാത്ത കേവലം ഒരു മാംസ്സ പിണ്ഡം! എന്നെ കൊലക്കത്തിക്ക് കൊടുത്തിട്ടു എന്ത് ആനന്ദമാണ് അങ്കിൾക്ക് ലഭിക്കുന്നത്? ഒന്ന് പ്രതികരിക്കാൻ പോലും കഴിയാത്ത, വേദനയിൽ ഒന്ന് കരയുവാൻ പോലും കഴിയാത്ത എന്നെ നശിപ്പിച്ചു ജനസംഖ്യാ തടയുന്നതിൽ എന്ത് യുക്തിയാണ് അങ്കിൾ കണ്ടത്? ലോകത്ത് നടക്കുന്ന എല്ലാ ഭീകരതകളെയും കാൾ, കൊടിയ ഭീകരതയാണ് നിരാംലബരും നിർദോഷികളുമായ ഞങ്ങളെ കൊലകത്തിക്ക് കൊടുക്കുന്നതെന്ന് അറിയാത്ത വ്യക്തി അല്ല അങ്കിൾ എന്ന് എനിക്ക് അറിയാം. എങ്കിലും, ഞങ്ങളോട് എന്തിന് ഇത് ചെയ്യുന്നു?

1974 -ൽ അന്തരിച്ച അങ്ങയുടെ പ്രിയ പത്നി, ശാരദാ ആന്റിയുമായി ഇപ്പോഴും ടെലിപതിയിലൂടെ സംസ്സാരിക്കാറുണ്ട് എന്ന് അവകാശപെടുന്ന അങ്ങേയ്ക്ക് ജീവന്റെ മഹത്വം അറിയാഞ്ഞിട്ടല്ല. നഷ്ടപെടലിന്റെ വേദന അനുഭവിക്കാഞ്ഞിട്ടല്ല! മറ്റുള്ളവരുടെ ജീവനിൽ, അങ്ങയുടെ നീതി ബോധത്തിന് "നീതി" അവകാശപെടാൻ ഇല്ല എന്നത് കൊണ്ടാകുമോ?

കുഞ്ഞുഞ്ഞു അങ്കിളിനോട് ഒരു വാക്ക്, ജസ്റ്റിസ് അങ്കിൾ സമർപ്പിച്ച ഈ നിർദ്ദേശങ്ങൾ അംഗീകരിക്കും മുമ്പ്, അങ്ങയുടെ പുത്രി അച്ചു ഉമ്മന്റെ മുഖം ഒന്നോർക്കണം!

ഞാൻ ഭീതിയിലാണ്!!


ദയവായി എന്റെ ജീവൻ രക്ഷിക്കണം!!

സ്നേഹത്തോടെ ,

നിങ്ങലുടെ ദയയ്ക്കായി കാത്തു നില്ക്കുന്ന, ഈ ലോകത്തിൽ അങ്കിളിനെയും, ആന്റിയെയും കാണുവാൻ ആഗ്രഹിക്കുന്ന, പല്ലില്ലാത്ത മോണ കാണിച്ചു ചിരിക്കുവാൻ കാത്തിരിക്കുന്ന, ആർക്കും ഒരു ദോഷവും ചെയ്യാത്ത കുഞ്ഞു അനുജന്മാരും അനുജത്തിമാരും!!

## മക്കൾ ദൈവകൃപയുടെ ആനുകൂല്യം: മാർ ജോസഫ് കല്ലറങ്ങാട്ട്

\- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -



ദൈവദാനമായ മക്കളെ സ്വീകരിക്കണമെന്നും ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ ആനുകൂല്യം ഉപയോഗിക്കാതെ ദൈവം തരുന്ന കൃപ പ്രയോജനപ്പെടുത്തണമെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു. കെസിബിസി കരിസ്മാറ്റിക് കമ്മീഷന്റെ ആഭിമുഖ്യത്തിൽ കെഎസ്ടി ഒരുക്കുന്ന അഖില കേരള കുടുംബ കൺവൻഷനു മുന്നോടിയായി മാർപാപ്പ ആശീർവദിച്ചു നൽകിയ തിരുക്കുടുംബ ഛായാചിത്രം സംവഹിച്ചുള്ള ബേത്‌ശലോം ദൂത് സ്വീകരിച്ചു സന്ദേശം നൽകുകയായിരുന്നു ബിഷപ്. വാർധക്യത്തിലെത്തുമ്പോൾ പണ്ഡിതർ പലതും പറഞ്ഞേക്കാം. കുടുംബത്തിന്റെ ക്രമീകരണത്തിൽ കടന്നുകയറാൻ ആർക്കും അവകാശമില്ല. കുടുംബത്തെ കീറിമുറിക്കാനുള്ള അധികാരം ആർക്കുമില്ല. പ്രാർഥനയിലൂടെ ഇത്തരം ശക്തികൾക്കെതിരേ പ്രതികരിക്കണം - മാർ കല്ലറങ്ങാട്ട് പറഞ്ഞു. കുടുംബം വചനവേദിയാണ്. മാതാപിതാക്കളാണ് ഈ വേദിയിലെ പുരോഹിതർ. കുടുംബങ്ങൾ സുവിശേഷവത്കരണവേദികളാക്കി മാറ്റണം. ഇതിനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്. കുടുംബങ്ങളിലൂടെ ഈശോയുടെ തുടർജനനമുണ്ടാകണം. ക്രമവും മൂല്യാധിഷ്ഠിതവുമായ സംവിധാനങ്ങളാണു കുടുംബങ്ങളിലുണ്ടാവേണ്ടത്. ഇത് അച്ചടക്കത്തിന്റെ വേദിയാണ്. കുടുംബങ്ങളുടെ ക്രമങ്ങളും അച്ചടക്കവും

ഉപേക്ഷിക്കുന്നതാണ് അരാജകത്വത്തിനു കാരണമാകുന്നത്. ദൈവകല്പനകൾ ലോകത്തിനാകമാനമുള്ളതാണ് - മാർ കല്ലറങ്ങാട്ട് വ്യക്തമാക്കി.വിശുദ്ധിയുടെ നിറകുടങ്ങളും വിളനിലങ്ങളുമാണ് കുടുംബങ്ങളെന്നും തിരുക്കുടുംബ ചൈതന്യം ഏറ്റുവാ ങ്ങാൻ ശ്രദ്ധിക്കണമെന്നും പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ മന്ത്രി കെ.എം. മാണി പറഞ്ഞു.

## വനിതാ കോഡ് ബിൽ നിർദേശങ്ങൾക്കു സ്വേഛാധിപത്യശൈലി: മാർ തോമസ് ചക്യത്ത്



വനിതാ കോഡ് ബില്ലിന്റെ കരടുനിർദേശങ്ങൾക്കു സ്വേഛാധിപത്യത്തിന്റെ ശൈലിയാണെന്നു കെസിബിസി വിജിലൻസ് ആൻഡ് ഹാർമണി കമ്മീഷൻ ചെയർമാൻ ബിഷപ് മാർ തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. കെസിബിസി ഡയലോഗ് ആൻഡ് എക്യുമെനിസം, വിജിലൻസ് ആൻഡ് ഹാർമണി കമ്മീഷനുകളുടെയും പ്രൊലൈഫ് സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ മനുഷ്യജീവന്റെ സംരക്ഷണം മതങ്ങളുടെ കാഴ്ചപ്പാടിൽ എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ദൈവിക-ധാർമിക മൂല്യങ്ങളെ ഹനിക്കുന്ന തരത്തിലുള്ള നിയമനിർമാണം നടക്കുന്നതു വേദനാജനകമാണ്. തെറ്റായ നിയമങ്ങളിലൂടെ നിരവധി പേരെ കൊന്നൊടുക്കിയ ജർമനിയിലെ ഹിറ്റ്ലറുടെ നയങ്ങളെയാണു കൃഷ്ണയ്യർ കമ്മീഷന്റെ നിർദേശങ്ങൾ ഓർമിപ്പിക്കുന്നത്. വ്യക്തിസ്വാതന്ത്ര്യത്തെയും അഭിപ്രായ സ്വാതന്ത്ര്യത്തെയും നിഷേധിക്കുന്നതാണു ഈ നിർദേശങ്ങൾ. മൂന്നാമത്തെ കുട്ടിക്കു സർക്കാർ ആനുകൂല്യങ്ങൾ നിഷേധിക്കണമെന്നതു ധാർമികതയ്ക്കു നിരക്കുന്നതല്ല. സാമൂഹ്യക്ഷേമത്തിലും സാംസ്കാരിക പുരോഗതിയിലും മതങ്ങളുടെ പങ്ക് വളരെ വലുതാണ്. പൊതുസമൂഹത്തിന്റെ ധാർമികതയെ ചോദ്യം ചെയ്യുന്ന വനിതാ കോഡ് ബില്ലിന്റെ കരടുനിർദേശങ്ങൾക്കെതിരേ എല്ലാ മതങ്ങളും ഒന്നിക്കണം- മാർ ചക്യത്ത് അഭിപ്രായപ്പെട്ടു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ.സ്റ്റീഫൻ ആലത്തറ അധ്യക്ഷത വഹിച്ചു. വനിതാ കോഡ് ബില്ലിന്റെ കരടു റിപ്പോർട്ട് തയാറാക്കിയ കമ്മീഷനിലെ അംഗങ്ങൾ തമ്മിൽ അഭിപ്രായ ഐക്യമുണ്ടായിരുന്നില്ലെന്നു വ്യക്തമായ സാഹചര്യത്തിൽ ആരാണ് ഇത്തരം വിവാദനിർദേശങ്ങൾ തയാറാക്കിയതെന്നു വെളിപ്പെടുത്താൻ അധികൃതർക്ക് ഉത്തരവാദിത്വമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

## കേരള വനിതാ കോഡ് ബിൽ മനുഷ്യാവകാശ ലംഘനം: മാർ ജോസഫ് പെരുന്തോട്ടം



ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ കമ്മീഷന്റെ വനിതാ കോഡ് ബിൽ മനുഷ്യാവകാശലംഘന മാണെന്ന് ചങ്ങനാശേരി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. കൊല്ലം-ആയൂർ ഫൊറോനാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ ഫൊറോനാ വികാരി ഫാ.ജയിംസ് കുന്നിൽ അധ്യക്ഷത വഹിച്ചു. ആയൂർ ഫൊറോനാ സമ്മേളനത്തിൽ വനിതാ കോഡ് ബില്ലിനെതിരേ വിശ്വാസികളുടെ ശക്തമായ പ്രതിഷേധമുയർന്നു. ഫൊറോനാ കുടുംബകൂട്ടായ്മ കമ്മിറ്റി കൺവീനർ ജോസി കടന്തോട്ട് അവതരിപ്പിച്ച പ്രമേയത്തിൽ വനിതാ കോഡ് ബില്ലിലെ നിർദേശങ്ങൾ മനുഷ്യന്റെ മൗലികാവകാശങ്ങളെയും ധാർമികതയെയും വെല്ലുവിളിക്കുന്നതാണെന്നും പല നിർദേശങ്ങളും ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നയത്തോട് ചേർന്ന് നിൽക്കുന്നതാണെന്നും വിമർശിച്ചു. രണ്ടിൽകൂടുതൽ കുട്ടികളുള്ളവരെ ജയിലിലാക്കുകയും പിഴയീടാക്കുകയും വേണമെന്നുള്ള ശിപാർശകൾ ഒരു പരിഷ്കൃത സമൂഹത്തോടുള്ള അവഹേളനമാണ്. ജനസംഖ്യാനിരക്ക് താഴേക്ക് പോകുന്ന കേരളത്തിൽ സന്താന നിയന്ത്രണം അനിവാര്യമാണെന്ന നിലപാട് വസ്തുതാവിരുദ്ധമാണ്. ജീവന്റെ മൂല്യവും പാവനതയും ഉയർത്തിപ്പിടിക്കുന്നവരെ ഗവർണർ സെൻഷർ ചെയ്യണമെന്ന നിർദേശം തികച്ചും അപലപനീയമാണ്. മൂന്നു വനിതകൾകൂടി അംഗങ്ങളായുള്ള ഒരു കമ്മീഷനാണ് റിപ്പോർട്ട് നൽകിയെന്നത് അക്ഷരാർഥത്തിൽ കേരളജനതയെ ഞെട്ടിക്കുന്നതാണ്. ഈ വനിതാ കോഡ് ബിൽ മുഖ്യമന്ത്രി തള്ളിക്കളയണമെന്ന് മാർ പെരുന്തോട്ടം പിതാവിന്റെ സാന്നിധ്യത്തിൽ കൂടിയ ചങ്ങനാശേരി അതിരൂപത കൊല്ലം-ആയൂർ ഫെറോന കൗൺസിൽ ആവശ്യപ്പെട്ടു. ഈമാസം എല്ലാ ഇടവകകളിലും ഇതിനെതിരേ പ്രതിഷേധ സമ്മേളനവും ഒപ്പുശേഖരണവും നടത്താ നും തീരുമാനിച്ചു.

## മാതാപിതാക്കൾ ജീവന്റെ സംരക്ഷകർ: മാർ ജോസഫ് പവ്വത്തിൽ



മാതാപിതാക്കൾ ജീവന്റെ സംരക്ഷകരാണെന്നും അവർ ആധുനിക കാലഘട്ടത്തെ വെല്ലുവിളികളെ നേരിടാൻ കരുത്താർജിക്കണമെന്നും ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. ചങ്ങനാശേരി അതിരൂപത ശതോത്തര രജതജൂബിലി വർഷാചരണത്തിന്റെ ഭാഗമായി

നെടുംകുന്നം ഫൊറോന മാതൃജ്യോതിസ്-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ചമ്പക്കര സെന്റ് ജോസഫ്സ് പള്ളി പാരിഷ് ഹാളിൽ നടന്ന അൽമായ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

## മനുഷ്യത്വരഹിതമായ നിർദേശങ്ങളുള്ള വനിതാ കോഡ് ബിൽ തള്ളണം: മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

മനുഷ്യാവകാശത്തിനും സ്വാതന്ത്ര്യത്തിനും മതവിശ്വാസത്തിനും കടകവിരുദ്ധമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ജസ്റ്റീസ് കൃഷ്ണയ്യരുടെ നേതൃത്വത്തിൽ തയാറാക്കിയിരിക്കുന്ന വനിതാ കോഡ് ബിൽഗവൺമെന്റ് തള്ളിക്കളയണമെന്നു കെസിബിസി ഫാമിലി കമ്മീഷൻ ചെയർമാൻ ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. കുടുംബത്തെക്കുറിച്ചുള്ള വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ പ്രബോധനങ്ങൾ കേരളപശ്ചാത്തലത്തിൽ എന്ന വിഷയത്തെക്കുറിച്ചു പിഒസിയിൽ നടന്ന പഠനശിബിരത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. മതമില്ലാത്ത അവസ്ഥയായി കാണുന്ന ചിന്തയാണു ബിൽ പ്രകടമാക്കുന്നത്. ഗർഭഛിദ്രത്തെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്ന ബിൽ മരണസംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്നു. ഗൗരവപൂർണമായ പഠനം നടത്താതെ ബിൽ തയാറാക്കുന്നതിന് ഒരു ഉദാഹരണമാണു വനിതാ കോഡ് ബിൽ. ഇതു കുടുംബങ്ങളെ തകർക്കുന്ന കടുത്ത അനീതിയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## മുറിയിൽ ജപമാല ചൊല്ലിയതിനു മാലിയിൽ മലയാളി അധ്യാപകനെ അറസ്റ്റ്ചെയ്തു

മാലിദ്വീപിൽ മുറിയിലിരുന്നു ജപമാല ചൊല്ലിയ മലയാളി അധ്യാപകനെ പോലീസ് അറസ്റ്റു ചെയ്തു. ഇദ്ദേഹത്തിന്റെ ലാപ്ടോപ്പ് പോലീസ് പിടിച്ചെടുത്തു. റഫൈലും സ്കൂളിലെ അധ്യാപകൻ ഇരിട്ടി കോക്കാട്ട് കെ.സി. ഷിജോ (30)യെയാണ് അറസ്റ്റു ചെയ്തത്. നാട്ടിൽ വിവരം ലഭിച്ചതിനെത്തുടർന്നു ബന്ധുക്കൾ മന്ത്രി കെ.സി.ജോസഫിനെ വിവരം അറിയിച്ചു. മന്ത്രി ഇന്ത്യൻ എംബസിക്ക് അടിയന്തര ഫാക്സ് സന്ദേശം നല്കിയിട്ടുണ്ട്. ഷിജോയെ മോചിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. താമസിക്കുന്ന മുറി അടച്ചിട്ടു ഷിജോ ജപമാല ചൊല്ലിയെന്നാണു പോലീസ് ആരോപിക്കുന്ന കുറ്റം. അധ്യാപകർക്കുവേണ്ടിയുള്ള സ്കൂൾ കംപ്യൂട്ടറിൽ ഷിജോ യുടെ ഫോൾഡറിൽനിന്ന് അധ്യാ പന വസ്തുക്കൾക്കൊപ്പം കന്യ കാമാതാവിന്റെ ഏതാനും ഭക്തി ഗാനങ്ങളും ചിത്രവും കണ്ടെത്തിയിരുന്നു.തുടർന്ന് സ്കൂളിലെ മലയാളി അധ്യാപകരുടെ മുറി കൾ പോലീസ് റെയ്ഡു ചെയ്തു. മൂന്നുപേരുടെ പക്കൽ ബൈബിളും ജപമാലയും കണ്ടെത്തിയതിനെത്തുടർന്ന് പോലീസ് കേസെടുക്കുകയായിരുന്നു.

## വനിതാകോഡ് സ്വേച്ഛാധിപത്യപ്രവണത വെളിപ്പെടുത്തുന്ന ബിൽ



ഫാ. ജോസ് കോട്ടയിൽ
സെക്രട്ടറി, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ

ജസ്റ്റിസ് കൃഷ്ണയ്യർ ഗവൺമെന്റിനു സമർപ്പിച്ചിരിക്കുന്ന വനിതാകോഡ് വിവാദവിഷയമായിരിക്കുന്നു. വനിതകളുടെയും ശിശുക്കളുടെയും ക്ഷേമത്തിനുവേണ്ടിയാണ് ബിൽ തയ്യാറാക്കിയിരിക്കുന്നതെങ്കിലും അതിലെ പല ശുപാർശകളും അവരുടെ അടിസ്ഥാന അവകാശങ്ങളെ ലംഘിക്കുന്നവയാണ്.

വിവാദനിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:

1. രണ്ടു കുട്ടികളിൽ കൂടുതലുള്ളവർക്ക് സർക്കാരിന്റെ യാതൊരാനുകൂല്യവും കൊടുക്കാൻ പാടില്ല (അധ്യായം 1, ഖണ്ഡിക 4).
2. മൂന്നാമതൊരു കുട്ടിയുടെ ജനനത്തെ പ്രോത്സാഹിപ്പിക്കുന്ന സമുദായം, മതം, ജാതി, പ്രസ്ഥാനങ്ങൾ, വ്യക്തി എന്നിവർക്ക് 10000 രൂപ പിഴയോ മൂന്നുമാസം തടവോ ശിക്ഷയായി നല്കണം (അധ്യായം 1, ഖണ്ഡിക 7/f).
3. സുരക്ഷിത ഗർഭച്ഛിദ്രത്തിനുവേണ്ട സൗകര്യങ്ങൾ എല്ലാ ആശുപത്രികളും ചെയ്തുകൊടുക്കണം (അധ്യായം ഖണ്ഡിക 9/d).
4. വിവാഹസമയത്ത് ഗർഭനിരോധനമാർഗങ്ങൾ സൗജന്യമായി ലഭ്യമാക്കണം. ഗർഭനിരോധനത്തിന് കൗൺസലിങ് സൗകര്യം ഏർപ്പെടുത്തണം. അത് സൗജന്യമായി നല്കണം (അധ്യായം 1, ഖണ്ഡിക 9/c).
5. സൗജന്യമായി വന്ധ്യംകരണശസ്ത്രക്രിയകൾ ഗവൺമെന്റ് ആശുപത്രികൾവഴി ചെയ്തുകൊടുക്കണം (13/2).
6. കൂടാതെ, കോടതിക്ക് പുറത്തുവച്ച് വിവാഹമോചനങ്ങൾ വളരെ എളുപ്പമുള്ളതാക്കണം (അധ്യായം 5).

ജനാധിപത്യവ്യവസ്ഥിതിക്കും മനുഷ്യാവകാശത്തിനും എതിരായ വെല്ലുവിളിയാണിത്. കുഞ്ഞുങ്ങൾക്കു ജന്മംനല്കുക എന്നത് ദമ്പതികളുടെ അവകാശമാണ്. അതിനാൽ, ഈ ബിൽ പവിത്രമായ ദാമ്പത്യത്തിന്റെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റവുമാണ്. സർക്കാർ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതുവഴി ദമ്പതികൾ ക്രൂരമായ

വിവേചനത്തിന് വിധേയരാക്കപ്പെടുന്നു. കുഞ്ഞുങ്ങളെ അനുഗ്രഹവും നന്മയുമായി കാണുന്നതിനുപകരം ശല്യവും ഭാരവുമായി കാണുന്ന നിലപാടാണ് ബിൽ പ്രകടമാക്കുന്നത്. മാനവവിഭവശേഷി ഫലപ്രദമായി കൈകാര്യം ചെയ്ത് രാഷ്ട്രപുരോഗതിക്കായി ഉപയോഗിക്കുമ്പോഴാണ് രാജ്യത്തിന് നേട്ടമുണ്ടാകുന്നത്. ഭാരതത്തിന്റെ മാനവശേഷിയാണ് അടുത്തകാലത്ത് ലോകവ്യാപകമായി ഉണ്ടായ സാമ്പത്തികമാന്ദ്യത്തെ പിടിച്ചുനിറുത്തിയതെന്ന് എല്ലാവരും അംഗീകരിച്ച കാര്യമാണ്. മാനവവിഭവശേഷിയാണ് ഭാരതത്തെ എല്ലാതരത്തിലും ഇന്ന് ലോകത്ത് ഉയർത്തിനിറുത്തുന്നത്. പുരോഗതിയുടെ അടിത്തറ തന്നെ മനുഷ്യരാണ് എന്ന ധനതത്വശാസ്ത്രം വിലയിരുത്തൽ ബിൽ തയ്യാറാക്കിയവർ വിസ്മരിക്കുന്നു. യാതൊരു വക പഠനവും അതേക്കുറിച്ച് നടത്തിയതായും തോന്നുന്നില്ല. അതിനാൽ ബില്ലിന് ശരിയായ അടിത്തറയില്ല.

ഗർഭച്ഛിദ്രത്തെ ഉദാരവത്കരിക്കുന്നുവെന്നതാണ് ബിൽ നിരാകരിക്കപ്പെടണമെന്നു പറയാൻ മറ്റൊരു കാരണം. ഭ്രൂണം വെറും കോശസമുച്ചയമല്ല. ശൈശവദശയുടെ ആരംഭമാണെന്ന കാര്യം ഇന്ന് വൈദ്യശാസ്ത്രം വ്യക്തമായി തെളിയിച്ചിട്ടുള്ളതാണ്. അണ്ഡവും ബീജവും സംയോജിച്ച് മനുഷ്യജീവൻ രൂപപ്പെടുന്ന നിമിഷം മുതൽ അത് മനുഷ്യവ്യക്തിയാണ്. അത് സംരക്ഷണം അർഹിക്കുന്നു. അപ്പോൾ ഗർഭച്ഛിദ്രം വ്യാപകമായി പ്രോത്സാഹിപ്പിക്കുന്ന ഈ ബിൽ മരണസംസ്കാരത്തെയാണ്, കൊലപാതകസംസ്കാരത്തെയാണ് ഉദ്ഘോഷിക്കുന്നത്.

ഗർഭനിരോധനമാർഗങ്ങൾ, വന്ധ്യംകരണം എന്നിവ തീവ്രമായി നടപ്പാക്കണമെന്ന നിർദ്ദേശം ലൈംഗികപ്രവൃത്തിയുടെ അർത്ഥത്തെയും ലക്ഷ്യത്തെയും തകർക്കുന്നതാണ്. ലൈംഗികപ്രവൃത്തിയിൽ ജീവന്റെ ദാനവും സ്നേഹദാനവും ഒന്നിച്ചുനില്ക്കുന്നു. സ്വേച്ഛാപരമായും സ്വാർത്ഥപരമായും അവയെ തമ്മിൽ വേർതിരിക്കുന്നത് പ്രകൃതിനിയമത്തെ വെല്ലുവിളിക്കലാണ്. അത് അധാർമ്മികമാകും. മനുഷ്യമഹത്ത്വത്തെ വികലമാക്കുകയും ചെയ്യും. കൂടാതെ ലൈംഗികഅരാജകത്വത്തിന് അത് ഇടയാക്കുകയും ചെയ്യും. കത്തോലിക്കാ ധാർമ്മികപ്രബോധനത്തെ വെല്ലവിളിക്കലുമാകും.

ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നതുകൊണ്ടാണ് ഈ ബിൽ തയ്യാറാക്കിയരിക്കുന്നു എന്നാണ് കൃഷ്ണയ്യർ ടീം അവകാശപ്പെടുന്നത്. പഠനമോ വലിയ ചിന്തയോ നല്കാത്ത നിലപാടാണിത്. കുടുംബത്തിൽ ശരാശരി 2.2 കുട്ടികൾ ഉണ്ടെങ്കിലേ ലോകം ഇപ്പോഴത്തെ നിലയിൽ നിലനില്ക്കുകയുള്ളൂ എന്നതാണ് ഐക്യരാഷ്ട്രസഭയുടെ പഠനറിപ്പോർട്ട്. എന്നാൽ കേരളത്തിൽ ഇപ്പോളത് 1.7% മാത്രമാണ്. അപ്പോൾ എങ്ങനെയാണ് കേരളത്തിൽ ജനപ്പെരുപ്പമാണെന്ന് പറയുന്നത്? ലോകത്തിലെ 76 രാജ്യങ്ങളിൽ ജനനനിരക്ക് ആവശ്യത്തിലും വളരെ താഴെയാണെന്നതും നാം ഓർക്കണം. കേരളത്തിന്റെ ഭാവി ഇല്ലാതാക്കുന്ന ഒരു ബില്ലാണിത്.

വിവാഹമോചനങ്ങൾ എളുപ്പമുള്ളതാക്കാൻ കോടതികൾക്കു പുറത്ത് സ്ഥിരം സംവിധാനം വേണമെന്നു നിർദ്ദേശിക്കുന്ന ബിൽ കുടുംബങ്ങളെ ശിഥിലമാക്കാനും മക്കളെ അനാഥത്വത്തിലേക്കു തള്ളിവിടാനുമേ ഉപകരിക്കൂ. സർക്കാർ ജനക്ഷേമമാണ് ലക്ഷ്യംവയ്ക്കുന്നതെങ്കിൽ, ഭദ്രതയുള്ള കുടുംബങ്ങളെ സൃഷ്ടിച്ചുകൊണ്ട് കെട്ടുറപ്പുള്ള രാഷ്ട്രനിർമ്മിതിക്കായി പ്രവർത്തിക്കുകയാണ് വേണ്ടത്. കൂടുതൽ കുഞ്ഞുങ്ങൾ വേണമെങ്കിൽ വിവാഹമോചനം നേടി പുതിയ കുടുംബം സ്ഥാപിക്കണമെന്ന പരോക്ഷ സൂചന ബിൽ നല്കുന്നുണ്ട് (അധ്യായം 1, ഖണ്ഡിക 4).

വിഡ്ഢിത്വവും ധാർഷ്ട്യവും പ്രകടമാക്കുന്ന പല നിർദ്ദേശങ്ങളുമാണ് ബിൽ ഉൾക്കൊള്ളുന്നത്. രണ്ടു വർഷവിധേയമായതാണ്. ബില്ലിലെ വ്യവസ്ഥകളെ എതിർക്കുന്നത് സ്വാർത്ഥതാത്പര്യപ്രേരിതമല്ല. ധാർമ്മികതയെയും സാമാന്യനീതിയെയും ബിൽ അവഗണിക്കുന്നതുകൊണ്ടാണ്. ബില്ലിനെ എതിർക്കുന്നവരെ അപകീർത്തിപ്പെടുത്താനാകണം, എതിർക്കുന്നവരെയെല്ലാം ശിക്ഷാനടപടിക്ക് വിധേയമാക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നത്. അത് കാടത്ത നിയമമാണ്. എതിർക്കപ്പെടേണ്ടതാണ്. ജനാധിപത്യത്തെ വെല്ലുവിളിക്കലാണ്.

മതേതരത്വമെന്നത് ബിൽ തയ്യാറാക്കിയവർ മതമില്ലാത്ത അവസ്ഥയായിട്ടാണ് പരിഗണിക്കുന്നതെന്നു തോന്നുന്നു. മതത്തിന്റെ പ്രബോധനങ്ങളെ പരിഗണിക്കേണ്ടതില്ലെന്ന നിലപാടാണ് ആവർത്തിച്ചു സൂചിപ്പിക്കുന്നത്. ഒരു സർവാധിപത്യപ്രവണതയാണത്. ഇല്ലെങ്കിൽ ഇവിടത്തെ ജനാധിപത്യ മതാത്മകമൂല്യങ്ങളെ ബിൽ എങ്ങനെ ബാധിക്കുമെന്ന് കമ്മീഷൻ ചിന്തിക്കുമായിരുന്നില്ലേ? ഏതാനും വ്യക്തികളുടെ അഭിപ്രായം സൂത്രത്തിൽ മറ്റുള്ളവരുടെമേൽ അടിച്ചേല്പിക്കാനുള്ള ശ്രമമാണിതിന്റെ പിന്നിലുള്ളത്. അത് എതിർക്കപ്പെടേണ്ടതു തന്നെയാണ്.

മനുഷ്യാവകാശപ്രവർത്തകനെന്ന പേരിലാണ് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അറിയപ്പെടുന്നത്. എന്നാൽ, ഈ ബില്ലിലെ പ്രഥമ അധ്യായം മുഴുവൻ മനുഷ്യാവകാശധ്വംസനമാണ്. പ്രായമേറിയപ്പോൾ അൽഷൈമേഴ്സ് രോഗം പിടിപെട്ടതാകാം. ഏതായാലും മനുഷ്യജീവനെതിരായ നിർദ്ദേശങ്ങൾ മാറ്റിക്കൊണ്ടേ സർക്കാരിന്റെ വനിതാകോഡ് ബിൽ പാസ്സാക്കുകയുള്ളൂവെന്ന് പ്രത്യാശിക്കാം. അങ്ങനെയൊരു ഉറപ്പു മുഖ്യമന്ത്രി കേരളീയരോടു തുറന്നു പറയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## ചരിത്ര ജാഗ്രത

### കടവിൽ ചാണ്ടികത്തനാർ

1600 -നും 1700 -നും ഇടയ്ക്ക് സുറിയാനി ഭാഷയിൽ കേരളനസ്രാണികളാൽ എഴുതപ്പെട്ട കൃതികളിൽ വിശുദ്ധകുർബാനയെക്കുറിച്ചുള്ള ചാണ്ടികത്തനാരുടെ ഇരുപത്തിരണ്ടു ഗീതങ്ങൾ അതിവിശിഷ്ടമായ കവിതയാണ്. കടുത്തുരുത്തി ദേശക്കാരനായ കത്തനാർ പ്രസിദ്ധനായ ഒരു വാഗ്മിയും പാണ്ഡിത്യംകൊണ്ട് പുറക്കാട്ടുരാജാവിന്റെ പ്രീതിഭാജനവും ആയിരുന്നുവെന്ന് സമകാലീനനായ സെബസ്ത്യാനി എന്ന ഇറ്റാലിയൻ മിഷനറി തന്റെ യാത്രാവിവരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോഴും ഗീതങ്ങൾ കത്തോലിക്കാസുറിയാനിക്കാർ തങ്ങളുടെ ആരാധനകളിൽ ഉപയോഗപ്പെടുത്തിവരുന്നു. ഈ വൈദീകന്റെ പാണ്ഡിത്യാതിരേകത്തെപ്പറ്റി പാതിരിമാർ എഴുതിയതായി പൗലീനോസ് പാതിരി പറയുന്നു.

16-ം 17-ം നൂറ്റാണ്ടുകൾക്കിടയ്ക്ക് നസ്രാണി വൈദികന്മാർ സഭാചരിത്രസംബന്ധമായ പല കൃതികൾ നിർമ്മിച്ചിട്ടുള്ളതായി അറിയുന്നു. ചാണ്ടിക്കത്തനാരുടെ പ്രബന്ധം സുറിയാനിയിലാണ് വിരചിതമായതെന്നും അതു കടുത്തുരുത്തിയിൽ സൂക്ഷിച്ചിരുന്നുവെന്നും പറയപ്പെടുന്നു.

ചില നസ്രാണി വൈദികന്മാർ അന്ന് നാട്ടുഭാഷപോലും ലേഖനം ചെയ്തിരുന്നത് സുറിയാനി ലിപിയിൽ ആയിരുന്നു. ഈ ലേഖനപദ്ധതിക്ക് കൻസോർ അഥവാ കുരസാനി എന്നാണ് പേർ. നാട്ടിൽ കാണപ്പെട്ട ലിപിവ്യത്യാസങ്ങളുടെ ബാഹുല്യവും അവ്യവസ്ഥിതിയുമായിരിക്കാം അതിനുകാരണം.

## ജാഗ്രതാ വാർത്ത

### സൂക്ഷിക്കുക, നാം നടന്നടുക്കുന്നത് നാശത്തിലേക്ക്

ഞെട്ടരുത്, കേരളം ഒരു മഹാദുരന്തത്തിലേക്കു നീങ്ങുകയാണ് . വേണ്ടത്ര കരുതലും ശ്രദ്ധയും എടുത്തില്ലെങ്കിൽ നാം സമീപഭാവിയിൽ തന്നെ മഹാമാരികൾക്കടിപ്പെട്ടു തകർന്നടിയും. വെറുതെ പറയുന്നതല്ല. ആരോഗ്യമേഖലയിലെ സർവേകളും പഠനങ്ങളും വിരൽചൂണ്ടുന്നത് ഇത്തരമൊരു അപകടത്തിലേക്കാണ്.

1) പകർച്ചവ്യാധികൾ പിടിപെടുന്നവരുടെയും മരിക്കുന്നവരുടെയും എണ്ണം ക്രമാതീതമായി വർധിക്കുന്നു. ജീവഹാനി സംഭവിക്കുന്നവരുടെ പ്രായം കുറഞ്ഞും വരുന്നു.

2) രോഗകാരണമായ വൈറസുകൾ ജീൻ രൂപാന്തരത്തിലൂടെ പ്രതിരോധം പ്രയാസമാക്കുന്നു; പുതിയരോഗങ്ങൾ പരത്തുന്നു.

3) കേരളത്തിൽ ഇരുന്നൂറിലേറെ തരത്തിലുള്ള പകർച്ചപനികൾ.

4) വ്യാപകമായി നടന്നിരുന്ന പകർച്ചവ്യാധി പരിശോധനയും പ്രതിരോധവും മുടങ്ങുന്നു. സൗജന്യവും നിർബന്ധിതവുമായ പ്രതിരോധ കുത്തിവയ്പുകളിൽ നിന്നുപോലും പതിനായിരങ്ങൾ ഒഴിച്ചു നിർത്തപ്പെടുന്നു.

5) തുടച്ചുമാറ്റപ്പെട്ട മിക്ക രോഗങ്ങളും അതീവ ശക്തിയോടെ തിരിച്ചുവരുന്നു. ആശങ്കാജനകമായ ഈ അവസ്ഥയേക്കുറിച്ചു നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

### കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളെ കത്തോലിക്കാ സഭ ആദരിക്കും

കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളെ ആദരിക്കാൻ കേരളത്തിലെ കത്തോലിക്കാ സഭ ഒരുങ്ങുന്നു. കൂടുതൽ കുട്ടികൾ നാടിന്റെ പുരോഗതിക്കും നന്മയ്ക്കും വലിയ കുടുംബം സംതൃപ്ത കുടുംബം എന്നീ ആശയങ്ങൾ പ്രചരിപ്പിച്ച് കെട്ടുറപ്പുള്ള കുടുംബജീവിതത്തിന്റെ പ്രസക്തിയും ആവശ്യകതയും വ്യക്തമാക്കാൻ പരിശ്രമി ക്കുമെന്ന് കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെയും പ്രോ ലൈഫ് സമിതിയുടേയും ചെയർമാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അറിയിച്ചു. കൂടുതൽ മക്കളുള്ള 5000 കുടുംബങ്ങളെയെങ്കിലും അടുത്ത അഞ്ചുമാസത്തിനകം ആദരിക്കാൻ ആണ് സഭ ഒരുങ്ങുന്നത്. ശിശുദിനത്തിൽ ആരംഭിക്കുന്ന ജീവന്റെ മഹത്വം പ്രഘോഷിക്കുന്ന ഈ പദ്ധതി അന്താരാഷ്ട്ര പ്രോ ലൈഫ് ദിനത്തിൽ കൊല്ലത്തു നടക്കുന്ന സംസ്ഥാന സമ്മേളനത്തോടെയാണ് സമാപിക്കുന്നത്. 5 മക്കളുള്ള വിവാഹത്തിന്റെ നാല് പതിറ്റാണ്ട് പിന്നിട്ട ദമ്പതികളേയും പുതിയ കാലഘട്ടത്തിന്റെ പ്രതിനിധികൾ എന്ന നിലയിൽ 1990 ന് ശേഷം വിവാഹിതരായവരിൽ നാലോ അതിൽ കൂടുതൽ മക്കള്ളുള്ളവരേയും ആണ് പൊതുവേദിയിൽ വിശിഷ്ഠ ഫലകം നൽകി ആദരിക്കുന്നത്. ജീവസംസ്കാര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർമാർ, ഇടവക പാരിഷ് കൗൺസിൽ, പ്രോ ലൈഫ് സമിതി എന്നിവരാണ് ആദരിക്കേണ്ട കുടുംബങ്ങളെ കണ്ടെത്തുന്നത്.

## വാരാന്ത്യവീക്ഷണം

### ജനാധിപത്യവും സർവ്വാധിപത്യവും കുടുംബകാര്യങ്ങളിൽ ഏറ്റുമുട്ടുമ്പോൾ

ജനാധിപത്യവും സർവ്വാധിപത്യവും വീണ്ടും ഏറ്റുമുട്ടുന്നു; അതും ഒരു നിയമത്തിന്റെ സാംഗത്യത്തെക്കുറിച്ച്. കേരള സമൂഹം 'വനിതാകോഡ്' എന്ന പേരിൽ അറിയപ്പെടുന്ന നിയമപരിഷ്ക്കരണ നിർദ്ദേശം വിശകലനം ചെയ്യുമ്പോൾ ഈ രണ്ടു മനോഭാവങ്ങളാണ് ഏറ്റുമുട്ടുന്നത്. ജനാധിപത്യം വ്യക്തിസ്വാതന്ത്ര്യത്തെയും പൗരസ്വാതന്ത്ര്യത്തെയും ആദരിക്കുമ്പോൾ സർവ്വാധിപത്യം സർക്കാരിന്റെ അല്ലെങ്കിൽ ഭരണാധികാരികളുടെ സർവ്വാധിപത്യമാണ് ഉയർത്തിപ്പിടിക്കുന്നത്. യഥാർത്ഥത്തിൽ ശ്രീ. വി. ആർ.കൃഷ്ണയ്യർ തന്റെ നിലപാടിൽ വ്യക്തി സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതും സർവ്വാധിപത്യത്തെ മുറുകെപ്പിടിക്കു ന്നതുമായയാണ് കാണാൻ കഴിയുന്നത്.

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലാണ് ശ്രീ. കൃഷ്ണയ്യർ ഉയർത്തിപ്പിടിക്കുന്നതുപോലെയുള്ള സർവ്വാധിപത്യം കാണാൻ കഴിയുന്നത്. അവിടെ വ്യക്തിസ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും പരമാവധി ഇല്ലാതാക്കിയിരിക്കുന്നു. വ്യക്തിപരമായ കാര്യങ്ങൾപോലും തീരുമാനിക്കുന്നതു സർക്കാരാണ്. വ്യക്തികളുടെ അഭിപ്രായങ്ങൾക്കോ താല്പര്യങ്ങൾക്കോ പ്രത്യേകിച്ചു വില കല്പിക്കുന്നതല്ല ഈ വിധത്തിലുള്ള കമ്മ്യൂണിസ്റ്റു സർവ്വാധിപത്യ രീതികൾ.

എന്നാൽ ജനാധിപത്യത്തിൽ പരമാവധി വ്യക്തിസ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്നു. വ്യക്തികളുടെ താല്പര്യങ്ങളും അഭിപ്രായങ്ങളും പരമാവധി മാനിക്കപ്പെടുന്നു. മതവിശ്വാസങ്ങളും സാംസ്കാരിക വൈവിധ്യങ്ങളും ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. സർക്കാരിന്റെ ഇടപെടൽ വ്യക്തി ജീവിതത്തിലും സാമൂഹ്യജീവിതത്തിലും ഈ രാജ്യങ്ങളിൽ കുറവായിരിക്കും. സർക്കാരിന്റെ ഇടപെടൽ കുറവാകുന്നതാണ് ജനാധിപത്യത്തിന്റെ മേന്മയെന്നു കരുതുന്നവരാണ് രാഷ്ട്രീയ മീമാംസാ പണ്ഡിതർ.

ഇവിടെ ജനാധിപത്യകേരളത്തിൽ ശ്രീ. വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ സമിതി ജനസംഖ്യാനിയന്ത്രണത്തിനായി വ്യക്തി സ്വാതന്ത്ര്യത്തെഹനിക്കുന്ന നിബന്ധനകൾ മുന്നോട്ടു വച്ചിരിക്കുന്നു. ഭ്രൂണഹത്യകൾ സാധാരണമാക്കാനും നിർദ്ദേശങ്ങളുണ്ട്. കൂടുതൽ കുട്ടികൾ ഉള്ളവരെ ശിക്ഷിക്കുന്ന രീതിയിലാണ് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ. ഇങ്ങനെ സർവ്വാധിപത്യ മനോഭാവത്തിൽ രൂപപ്പെടുത്തിയ നിയമങ്ങളെ ആശയപരമായി എതിർത്തവരെ ആശയപരമായി നേരിടുന്നതിനുപകരം താൻപിടിച്ച മുയലിനു മുന്നുകൊമ്പ് എന്ന മട്ടിൽ അദ്ദേഹം മുന്നോട്ടുപോകുന്നു.

കേരളം ഒരു ജനാധിപത്യരാജ്യത്തിന്റെ ഭാഗമാണന്നകാര്യം ചില കാലങ്ങളിൽ ചില ഭരണാധികാരികൾ വിസ്മരിക്കാറുണ്ട്. പൊതുസമൂഹം ഭരണാധികാരികളെ അക്കാര്യം ഓർമ്മിപ്പിക്കേണ്ടിവരികയും ചെയ്തിട്ടുണ്ട്. 1959 ലെ വിമോചനസമരം സർവ്വാധിപത്യം പ്രത്യയശാസ്ത്രം കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചവർക്കുള്ള താക്കീതായിരുന്നു. അങ്ങനെയുള്ള താക്കീതുകൾ മറന്നുകൊണ്ടാണ് ഇന്നും ശ്രീ. കൃഷ്ണയ്യരെപ്പോലെയുള്ളവർ സർവ്വാധിപത്യ ശൈലിയിൽ അഭിരമിക്കുന്നത്. ജനങ്ങൾ തന്റെ കൂടെയാണെന്ന് അദ്ദേഹം അവകാശപ്പെടുന്നുണ്ട്. എന്നാൽ ഏതു മാനദണ്ഡമനുസരിച്ചാണ് ഈ അവകാശവാദം ഉന്നയിക്കുന്നതെന്ന് അദ്ദേഹം പറയുന്നില്ല.

ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരെന്നു പറയുന്നവരുടെ സർവ്വാധിപത്യശൈലികൾ നമ്മൾ തിരിച്ചറിയണം; അവരുടെ പ്രത്യയശാസ്ത്ര വിധേയത്വവും. അവരുടെ നിലപാടുകൾ വിലയിരുത്തി പ്രതികരിക്കാൻ ഈ ഒരു വിശകലനം ആവശ്യമാണ്.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

"Jagratha News" - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA